# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1549

16.03.2015 - ൽ
മറുപടിക്ക്

### ചേലക്കര മണ്ഡലത്തിൽ നാളികേര ബയോപാർക്ക്

ചോദ്യം
ശ്രീ.കെ.രാധാകൃഷ്ണൻ

മറുപടി
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| എ) ചേലക്കര മണ്ഡലത്തിൽ നാളികേര ബയോപാർക്ക് പ്രവർത്തനമാരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br>ബി) എങ്കിൽ ഈ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് പറയാമോ;<br>സി) വകുപ്പിൽ നിന്നും തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;<br>ഡി) ഈ വർഷം തന്നെ നാളികേര ബയോപാർക്ക് പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | എ) ബി) സി) & ഡി) | ഉണ്ട്. തൃശ്ശൂർ ജില്ലയിലെ ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ നാളീകേര ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയും 28/02/2014-ൽ ബയോപാർക്കിന്റെ ഓഫീസ് കം ഇൻഫർമേഷൻ സെന്ററിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. 'അഗ്രി ബയോ പാർക്ക്' പദ്ധതി നടത്തിപ്പിനായി ബഹു. കൃഷി വകുപ്പ് മന്ത്രി ചെയർമാനായി രൂപീകരിച്ച 'അഗ്രി ബയോ പാർക്ക്സ്-കേരള (Reg.No.Tvm/TC/97/2013 dated 23/08/2013)യുടെ തീരുമാനപ്രകാരം നാളീകേര ബയോ പാർക്കിന്റെ പ്രോജക്ട്, ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിന് കോഴിക്കോട് വടകരയിലുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>നാളീകേര അധിഷ്ഠിത വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും സാങ്കേതിക സഹായങ്ങൾ നൽകുകയും ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.<br><br>അധികവിഭവ ലഭ്യതയുടെ അഭാവത്തിൽ ബഡ്ജറ്റും ഉപധനാഭ്യർത്ഥന പ്രകാരവും തുക അനുവദിക്കാനാവാത്ത സാഹചര്യത്തിൽ പ്രോജക്ടിനാവശ്യമായ തുക റീഅപ്രോപ്രിയേഷൻ മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ